

# ചെങ്കടലിന്റെ പക്ഷി

യെമനിലെ ഹൊദൈദാ നഗരത്തിൽ നിന്നുള്ള കുറിപ്പുകൾ - 3

സി.എസ്. രാജൻ

(കഴിഞ്ഞലക്കം തുടർച്ച)

പിന്നീട് ജനാധിപത്യ ഭരണകൂടം നടപ്പിലാക്കിയ ആധുനിക വിദ്യാഭ്യാസത്തിന് ഇന്നും ആ പിന്നോക്കാവസ്ഥ മറികടക്കാനായിട്ടില്ല. ആവശ്യത്തിന് പെട്രോളും, കാർഷിക വിഭവസമൃദ്ധിയും, ചുരുക്കം ചില ധാതുനിക്ഷേപങ്ങളും ഉണ്ടായിട്ടും അനുദിനം ദരിദ്രരായിക്കൊണ്ടിരിക്കുന്ന ഒരു ജനത ഇവിടെ സൃഷ്ടിക്കപ്പെടുന്നത് ഭരണകൂടത്തിന്റെ ഉൽപ്പാദന- വിതരണത്തിലെ പാളിച്ചകൾ മൂലമോ, അല്ലെങ്കിൽ ഏകാധിപത്യസ്വഭാവമുള്ള ഭരണകൂടം സമ്പത്തു മുഴുവൻ കയ്യാളി വെച്ചിരിക്കുന്നതുകൊണ്ടോ ആവാം. "ദൈവം തന്റെ ജനതയ്ക്ക് അവരുടെ മണ്ണിൽ ആവശ്യത്തിൽ കൂടുതൽ പ്രകൃതി സമ്പത്ത് നൽകിയിട്ടുണ്ട്. ഏകാധിപതികളായ ഭരണാധികാരികൾ അവ കയ്യടക്കിവെച്ചിരിക്കുന്നതു കൊണ്ടാണ്, പെട്രോളും, സ്വർണ്ണവും രത്നങ്ങളും പോലുള്ള അപൂർവ്വ ദാതു സമ്പത്തുണ്ടായിട്ടും, ആ മണ്ണിൽ വസിക്കുന്ന ആഫ്രിക്കൻ ജനതയ്ക്ക് പരമദരിദ്രരായി കഴിയേണ്ടി വരുന്നത്". യെമനിലേയും സ്ഥിതി മറിച്ചല്ല എന്ന് ഹൊദൈദയിലെ ചില ചെറുപ്പക്കാർ പറഞ്ഞു.

ഏകീകൃത യെമന് മുമ്പുള്ള കാലത്ത്, സൗദി അറേബ്യയും മറ്റു ചില അറബു രാജ്യങ്ങളും യെമന്റെ ആരോഗ്യ - വിദ്യാഭ്യാസരംഗങ്ങളിലൊക്കെ സാമ്പത്തിക സഹായം ചെയ്തിരുന്നു. വിസയൊന്നും വേണ്ടിയിരുന്നില്ലാത്ത അക്കാലങ്ങളിൽ, ഇവിടത്തെ ഓരോ വീട്ടിൽനിന്നും ഒരാൾ വീതമെങ്കിലും സൗദിയിൽ ജോലി ചെയ്തിരുന്നു. അവരയക്കുന്ന പണം യെമന്റെ സമ്പദ്ഘടനയെ ഒരു സംതുലിതാവസ്ഥയിൽ നിർത്തിയിരുന്നു. എന്നാൽ 1990ലെ ഗൾഫ് യുദ്ധകാലത്ത് യെമൻ ഭരണകൂടവും, ജനങ്ങൾ അപ്പാടെയും സദ്ദാംഹുസൈനെ പിന്തുണച്ചപ്പോൾ, അതിൽ പ്രതിഷേധിച്ച സൗദി ഭരണകൂടം, ഭൂരിഭാഗം യെമനികളെ തിരിച്ചയച്ചു. അതിനുശേഷമത്രെ, ഇവിടത്തെ സാമ്പത്തികപ്രതിസന്ധി ഇത്രയും രൂക്ഷമായത്. ഹൊദൈദയിലെ വെളിമ്പ്രദേശങ്ങൾ നിറയെ അവരെ പുനരധിവസിപ്പിക്കുന്നതിനായി പണിത ചെറിയ വീടുകളാണ്. ഈ തിരിച്ചുവരവ് ഇവിടത്തെ സമ്പദ്ഘടനയെ മാത്രമല്ല, ഓരോ വ്യക്തിയേയും അടിമുടി മാറ്റിയ ഒന്നാണ്. സ്വന്തമായി കാറും വീടും മാന്യമായ ജോലിയുമായി സമ്പന്നരായി കഴിഞ്ഞിരുന്നവർ, ഒറ്റയടിക്ക് ദരിദ്രരും രണ്ടാംതരം തൊഴിലാളികളുമായി മാറി. അതി ധനികരും, അതി ദരിദ്രരും മാത്രമുള്ള, മദ്ധ്യവർഗ്ഗം എന്നൊന്നില്ലാത്ത ഒരു സമൂഹമാണിപ്പോൾ ഇത്. എന്നാൽ സ്വന്തം ദിരദ്രാവസ്ഥയെക്കുറിച്ച് വേവലാതിയോ, ഭാവിയെക്കുറിച്ച് ഉൽക്കണ്ഠയോ ഇവർ പുലർത്തുന്നില്ല എന്നുള്ളതാണ് അതിശയകരമായിട്ടുള്ളത്. സ്വന്തം ഇല്ലായമയും രോഗവും മരണവും ഒക്കെ ദൈവത്തിന്റെ ഇച്ഛയ്ക്ക് സമർപ്പിച്ച്, ഓരോ ദിവസവും അന്നന്നത്തെ മാത്രം ഭൗതികസുഖങ്ങളിൽ നിലനിൽക്കുന്നവരാണിവർ. വിശപ്പും രതിയും അമിതപ്രാധാന്യം നേടുന്ന, ജന്തു ജീവിതത്തിന്റെ ഒരാദിമജൈവികത ഇനിയും കൈവിട്ടിട്ടില്ലാത്ത ഈ 'സന്തോഷിക്കുന്ന അറബികൾ'ക്ക് ഓരോ ദിവസവും ആഘോഷമാക്കുന്നതിനായി പ്രകൃതി നൽകുന്നത് 'ഖാത്ത്' എന്ന ഒരു സസ്യവും.

## ആഹ്ലാദത്തിന്റെ സസ്യം

Catha edulis എന്ന ശാസ്ത്രനാമമുള്ള 'ഖാത്ത്' ചെറിയ ഇലകളുള്ള ഒരു കുറ്റിച്ചെടിയാണ്. യെമനിലെ മലയോര ഗ്രാമങ്ങളിൽ സമൃദ്ധമായി കൃഷിചെയ്യുന്ന ഈ ചെടി, 15-ാം നൂറ്റാണ്ടിൽ എത്യോപ്യൻ താഴ്വരകളിൽ നിന്നും യെമനിൽ എത്തിയതാണെന്നു പറയപ്പെടുന്നു. ഈ ഇലകളിൽ അടങ്ങിയിരിക്കുന്ന Cathinone എന്ന ലഹരി പദാർത്ഥം, ശാരീരികമായ ഉത്തേജനവും, മാനസികമായ വിശ്രാന്തിയും നൽകുന്ന ഒന്നാണത്രെ. 'സബീദ്' പട്ടണത്തിലുണ്ടായിരുന്ന സൂഫി സന്യാസിമാരാണ് 'ഖാത്തി'ന്റെ ഉപഭോഗം ഇവിടെ തുടങ്ങിവെച്ചതെന്നു പറയപ്പെടുന്നു. പിന്നീട് അത് സാർവ്വത്രികമാകുകയായിരുന്നത്രെ.

തോട്ടങ്ങളിൽ നിന്ന് എന്നും ഉച്ചയോടെ, ഒരത്യാഹിതവാഹനമെന്നപോല, അമിതവേഗത്തിൽ, മുൻവിളക്കുകളൊക്കെ തെളിയിച്ചാണ് 'ഖാത്ത്' നിറച്ചവണ്ടികൾ 'ഖാത്ത് ചന്ത'കളിൽ എത്തുക. ഉച്ചമുതൽ രാത്രിവരെ നീളുന്ന 'ഖാത്ത ചന്തകൾ', ഒരു ഉത്സവപ്പറമ്പുപോലെയാണ്. 'ഖാത്ത്' ചെടിയുടെ ചെറിയ ചില്ലകൾ വൃത്തിയായി അടുക്കി, വാഴപ്പോളകൊണ്ടോ, പ്ലാസ്റ്റിക് കൊണ്ടോ പൊതിഞ്ഞ ചെറിയ ചെറിയ കെട്ടുകളായാണ് വിൽക്കുന്നത്. ഓരോ ഗ്രാമത്തിലേയും 'ഖാത്ത്' ആ ഗ്രാമത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്. ഗ്രാമങ്ങളിലെ കാലാവസ്ഥയ്ക്കനുസരിച്ച് ഇവയിലും മാറ്റങ്ങൾ ഉണ്ടാകും.

ഓരോ വീട്ടിലും 'ഖാത്ത്' സദസ്സിനുള്ള പ്രത്യേകം തളങ്ങൾ ഉണ്ട്. സ്ത്രീകളും കുട്ടികളും കഴിയുന്ന വീടിന്റെ പ്രധാനഭാഗവുമായി യാതൊരു ബന്ധവുമില്ലാതെയാണ്,

'ദീവാൻ' എന്നു വിളിക്കുന്ന ഈ തളങ്ങളുടെ രൂപകല്പന. നിലത്ത് നാലു ചുറ്റും വിരിച്ച ഇരിപ്പിടങ്ങളിൽ ഓരോരുത്തർക്കും കൈമുട്ടുകുത്തിയിരിക്കാനായി വലിയ ചതുരത്തലയിണകൾ ഉണ്ട്. സുഹൃത്തുക്കളും കുടുംബാംഗങ്ങളും ഒത്തു ചേരുന്നതാണ് സാധാരണ 'ഖാത്ത് സദസ്സു'കൾ.

ഓരോ ചില്ലയിലേയും തളിരിലകൾ മാത്രം പറിച്ചെടുത്ത്, കുറേശ്ശെയായി കവിളിൻറെ ഒരു ഭാഗത്ത് സൂക്ഷിച്ചുവെച്ച്, സാവധാനം ചവച്ചു കൊണ്ടിരിക്കുകയാണ് ചെയ്യുക. ഒപ്പം വെള്ളമോ, മധുരപാനീയങ്ങളോ കുടിക്കും. കവിളിൽ സൂക്ഷിച്ചിരിക്കുന്ന ഖാത്തിൽനിന്ന് അതിലെ ലഹരിപദാർത്ഥം വായിലെ ശ്ലേഷ്മപാളികലിലൂടെയും അന്നനാളത്തിലൂടെയും ശരീരത്തിൽ വ്യാപിക്കുകയാണ് ചെയ്യുന്നതത്രെ. നാലും അഞ്ചും മണിക്കൂറുകൾക്കുശേഷം കവിളിലെ പീര തുപ്പിക്കളയുന്നു.

അഗാധമായ ധ്യാനത്തിനു ശേഷം എന്നപോലെയുള്ള ഒരു വിശ്രാന്തിയാണ് ആദ്യം ഉണ്ടാവുക. മെല്ലെ മെല്ലെ, വിശ്രാന്തമെങ്കിലും, വിചിത്രഭാവനകൾ നിറയുന്ന ഒരു ഔഭമലോകമായിമാറും മനസ്സ്. കേവലാഹ്ലാദത്തിന്റെ ലാഘവത്വം അനുഭവിക്കുന്ന ആ നേരങ്ങളിൽ ലോകവും അതിന്റെ സങ്കീർണ്ണയാഥാർത്ഥ്യങ്ങളും മാഞ്ഞുപോകുന്നു. ഖാത്ത് ചവയ്ക്കലിന്റെ അവസാനഘട്ടമാവുമ്പോഴേക്ക് ശരീരത്തിലെ ഓരോ അവയവവും വലിഞ്ഞുമുറുകി ഒരു വിജൃംഭിതാവസ്ഥയിലുമാവും. ഒരണുബോംബുപോലെ' എന്നു യെമനികൾ വിശേഷിപ്പിക്കുന്ന ഈ അവസ്ഥയെ, ലൈംഗികമായ ഒരു സ്വയം വിസ്ഫോടനത്തിലൂടെയാണ് ഇവർ ശമിപ്പിക്കുന്നത്. സാധാരണയിൽ കവിഞ്ഞ ലൈംഗികാഹ്ലാദവും ലഭിക്കുമത്രെ. അതുകൊണ്ടുതന്നെ, ഒരു ലഹരി പദാർത്ഥം എന്ന നിലയ്ക്കല്ല, ഒരു ലൈംഗിക ഉത്തേജകവസ്തുവായാണ് ഖാത്ത് ഇവിടെ ഉപയോഗിക്കപ്പെടുന്നത്. കടുത്ത പുരുഷധനവ്യവസ്ഥ (മെഹർ) നിലനിൽക്കുന്നതുകൊണ്ട് വിവാഹിതരാവാൻ കഴിയാത്ത ഭൂരിഭാഗം ചെറുപ്പക്കാരുമാണ് ഖാത്തിന്റെ 'സൗഖ്യ'ത്തിൽ കൂടുതൽ അടിമപ്പെട്ടിരിക്കുന്നത്. നിഷ്ഫലമാവുന്ന അവരുടെ യൗവ്വനങ്ങൾ ക്ഷണികമായ ആനന്ദാനുഭവങ്ങളായി ആവിഷ്കാരം നേടുന്ന വേളകളാണിത്. അവരുടെ ഖാത്ത് സദസ്സുകൾ അതുകൊണ്ടുതന്നെ രതിചിഹ്നങ്ങൾ വിനിമയം ചെയ്യപ്പെടുന്ന സ്വകാര്യ ഇടങ്ങളാണ്. അവിടെ മിക്കവാറും നീലച്ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു. ലൈംഗികത, ശാരീരികമെന്നതിനേക്കാൾ മാനസികമാണെന്നിരിക്കെ, ഖാത്ത് നേരങ്ങളിലെ മനസ്സിന്റെ ഇരമ്പങ്ങളെ നീലച്ചിത്രങ്ങളിലെ ഫാന്റസികളിലേക്ക് തുറന്നുവിട്ട്, ഒടുവിൽ ഒരു സ്വയംഭാഗത്തിന്റെ മരണക്കയങ്ങളിലേക്ക് പിളർന്നു പോവുന്ന ഓരോ തുരുത്തുകളായി അവർ മോക്ഷം നേടുന്നു.

പല രാജ്യങ്ങളിലും മയക്കുമരുന്നു വിരുദ്ധനിയമം മൂലം നിരോധിച്ചിട്ടുള്ള ഖാത്ത്, യെമനിൽ ഔദ്യോഗികമായി അംഗീകാരം നേടിയിട്ടുള്ളതും, ഒരു സാമൂഹികാചാരമായി നിലനിൽക്കുന്നതുമാണ്. മദ്യവും മയക്കുമരുന്നുംപോലെ അത്ര അപകടകരമല്ലെങ്കിലും, ഖാത്ത് ഉണ്ടാക്കുന്ന സാമൂഹ്യമായ പ്രത്യാഘാതങ്ങൾ വലുതാണ്. ഒരു ജനസമൂഹത്തിലെ ഭൂരിപക്ഷം പേരും, ദിവസത്തിന്റെ മുക്കാൽ ഭാഗവും സ്വന്തം യാഥാർത്ഥ്യങ്ങളിൽ നിന്നും പിൻവാങ്ങിക്കഴിയുകയാണ്. ഈ ലഹരിയുടെ സൗഖ്യത്തിൽ അലസരും നിഷ്ക്രിയകുമായിക്കഴിയുന്ന ജനതയ്ക്ക്, സാമൂഹ്യ- രാഷ്ട്രീയ -സാംസ്കാരിക മേഖലകളിലൊന്നും ഉത്തരവാദിത്തമോ, പങ്കാളിത്തമോ ഇല്ലതെ പോകുന്നതാണ് ഈ നാടിന്റെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണമെന്നു കാണാം. സഹനത്തിന്റെ പരകോടിയിൽ എത്തിയിട്ടും ഈ ജനത, തങ്ങൾക്കെതിരെ ഒരു പ്രതിഷേധസ്വരം പോലും ഉയർത്താതിരിക്കുന്നതിന്, സ്വേഛാധിപത്യസ്വഭാവമുള്ള ഭരണകൂടം, ഒരുവശത്ത് കൃഷിയും ഉപഭോഗവും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

സർഗ്ഗാത്മകതയുടെ ശ്വാസകോശങ്ങളില്ലാത്ത ഒരു സമൂഹമാണിത്. ശ്രദ്ധേയരായ കവികളോ കലാകാരന്മാരോ ഇവിടെയില്ല. ആത്മീയമെന്നതിനേക്കാൾ, തികച്ചും ഭൗതികമായ, ആന്തരികഘടനയുള്ള മതനിയമങ്ങളാൽ നയിക്കപ്പെടുന്ന ഈ സമൂഹത്തിൽ ഭക്ഷണവും രതിയും തന്നെയാണ് പ്രധാനമാവുന്നത്. എന്നാൽ സസ്യഭക്ഷണശീലമെന്നത് ഇവർക്ക് മനസ്സിലാകാത്ത ഒന്നാണ്. ആത്മീയമായ അച്ചടക്കമോ, ബ്രഹ്മചര്യമോ ഒക്കെ ഇവർ പുച്ഛിച്ചുതള്ളുന്ന വിഷയങ്ങളാണ്. ജയിലുകളിൽ കഠിനശിക്ഷയനുഭവിക്കുന്ന കുറ്റവാളിക്കുപോലും മാസത്തിലൊരിക്കൽ തന്റെ ഇണയോടൊത്തു കഴിയാനുള്ള സൗകര്യം ഇവിടെ നൽകപ്പെടുന്നുണ്ട്. അത്രയ്ക്ക പരമപ്രധാനമാണ് ഇവർക്ക് ലൈംഗികത. ലൈംഗികത ചിലപ്പോൾ മത നിയമങ്ങൾ ലംഘിച്ച് സ്വവർഗ്ഗരതിയിലേക്ക് വഴിപിരിഞ്ഞു പോകുന്നതും സാധാരണമാണ്.

മറ്റു ജീവജാലങ്ങൾക്കുമൊപ്പം, പുരുഷന്റെ സുഖസൗകര്യങ്ങൾക്കു വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ട ഇവിടത്തെ സ്ത്രീ, ലൈംഗികമായ അസ്തിത്വം മാത്രമുള്ള ഒരു ജീവിവർഗ്ഗമാണ്. മുഖമോ, കൈകാലുകൾ പോലുമോ കണ്ടാൽ പരപുരുഷന് കാമവികാരമുണ്ടാകുമെന്നതുകൊണ്ട് പർദ്ദയാൽ അവ മറയ്ക്കപ്പെടുന്നതിലൂടെ, ചൂടുള്ള കാലാവസ്ഥയിൽ ലൈംഗികാസക്തി ഉണ്ടാകുകയോ വഴിപിഴച്ചു പോകുകയോ ചെയ്യാതിരിക്കാനായി പ്രായപൂർത്തിയാവുന്നതിനുമുമ്പ് പെൺകുട്ടികളുടെ യോനീച്ഛദം മുറിച്ചുകളുയന്നതിലൂടെ (Female circumcision) മതനിയമങ്ങളുടെ തെറ്റായ വ്യാഖ്യാനങ്ങളുടെ പിൻബലത്താൽ യഥേഷ്ടം മൊഴി ചൊല്ലൽ നടത്തുന്നതിലൂടെയുമൊക്കെ പുരുഷൻ സ്ത്രീയുടെ മേലുള്ള ലൈംഗികാധിപത്യം തുടർന്നുപോരുന്നു.

എന്നാൽ, ജനാധിപത്യവ്യവസ്ഥയല്ലെങ്കിലും, കഠിനമായ ഇസ്ലാമിക ശിക്ഷാനിമയങ്ങളുടെ നിയന്ത്രണത്താലും മരണാനന്തരം സർവ്വശക്തനായ ദൈവത്തിന്റെ സമക്ഷതിതിലെ അന്തിമ വിധി കല്പനയെക്കുറിച്ചുള്ള ഭയത്താലും ഈ സമൂഹം ഇനിയും അരാജകമാവാതെ നിൽക്കുന്നു.

*(അവസാനിച്ചു)*


കടപ്പാട്:

1. Andrey Korotayer: "Ancient Yemen'. Oxford University Press, 1995
2. Yemen Times
3. Drugs.Com
4. ഫായിസ് യഹ്യാസാദ്, നജീബ് അഹമ്മദ് എന്നീ യെമനിച്ചങ്ങാതിമാർ.




e-mail : rajanbihag@yahoo.com

Ph: 00967734853977

## കാർട്ടൂൺ

വി.എസ്. ഗിരീശൻ




## വരയും വരിയും

റഫീക് അഹമ്മദ്




### സിംഗൂരിന് 'ടാറ്റ'

സിംഗ്ഗൂരിൽ കൃഷിഭൂമി കയ്യേറിയതിനെതിരെ നിരന്തരമായി നടന്ന സമരങ്ങളുടെ ഫലമായി ടാറ്റാ ഗ്രൂപ്പ് നാനോ കാറിന്റെ നിർമ്മാണശാല സ്ഥാപിക്കാനുള്ള പദ്ധതിയിൽ നിന്ന് പിൻമാറുന്നു. പദ്ധതിക്കായി ഏറ്റെടുത്ത കൃഷിഭൂമിയിൽ നിന്നും നാന്നൂറ് ഏക്കർ കർഷകർക്ക് തിരികെ നൽകണമെന്നാവശ്യപ്പെട്ട് ഇവിടെ സമരം തുടരുകയാണ്.


**അക്യുപ്രഷർ ചികിത്സാ പരിശീലനം**

പാലക്കാട് പുതുശ്ശേരി സർവ്വോദയ കേന്ദ്രത്തിൽ വെച്ച് സെപ്തംബർ 3 മുതൽ 7 വരെ. പരിശീലകൻ ആചാര്യൻ ജോർജ്ജ് ജേക്കബ്ബ്. ബന്ധങ്ങൾക്ക് : 9387284024.

**ലളിതവും ആഹ്ലാദകരവുമായി വിവാഹം** നടത്താൻ ഒരിടം. സ്ത്രീധന രഹിത വിവാഹം, മിശ്ര വിവാഹം എന്നിവക്ക് മുൻഗണന- സഹൃദയരുടെ സാന്നിധ്യത്തിലും കുടുംബാന്തരീക്ഷത്തിലും വിവാഹിതരാകാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക

ഗ്രീൻഹൗസ്, പൊന്നുക്കര. പിൻ - 680306

ഫോൺ: 9895148998

## ഡോക്യുമെന്ററികൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി.

**കയ്പുനീർ** (മലയാളം) Bitter Drink (English)

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട, മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

കോപ്പികൾക്കും പ്രദർശനത്തിനും

കേരളീയം

കൊക്കാലെ, തൃശൂർ-21.

ഫോൺ : 9446576943, 0487 2421385